# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2035 18.07.2016 ൽ മറുപടിക്ക്**

## യു.എൽ.സി.സി സൊസൈറ്റിയുടെ വർക്കുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.സി. ജോർജ് | | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | യു.എൽ.സി.സി സൊസൈറ്റി -യ്ക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-2016) എത്ര കോടി രൂപയുടെ വർക്ക് നൽകിയിട്ടുണ്ട്; ഇത് ഏതൊക്കെ ജോലിയെന്നും ഇതിന്റെ കരാർ തുക എത്രയെന്നും, ഏതൊക്കെ ജില്ലയിലാണ് ജോലിയെന്നും ഓരോ വർക്കിനും എഗ്രിമെന്റ് തുകയെക്കാൾ കൂടുതൽ കൊടുത്ത തുക എത്രയെന്നും പ്രത്യേകം പ്രത്യേകം വിശദമായി വിവരിയ്ക്കുമോ; | എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് (2011-2016) യു.എൽ.സി.സി സൊസൈറ്റി -യ്ക്ക് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നിന്ന് **851.93** കോടി രൂപയുടെയും, കെട്ടിടവിഭാഗത്തിൽ നിന്ന് **71.253** കോടി രൂപയുടെയും, ദേശീയപാത വിഭാഗത്തിൽ നിന്ന് **326.76** കോടി രൂപയുടെയും, ആർ ബി ഡി സി കെ-യിൽ നിന്നും **17.91** കോടി രൂപയുടെയും വർക്ക് നൽകിയിട്ടുണ്ട്. ഇതിന്റെ ജില്ല തിരിച്ചുള്ളതും, അധിക തുക അനുവദിച്ചതുമായ വിവരങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |
| ബി) | ടി കാലത്ത് ടെണ്ടർ ഇല്ലാതെ യു.എൽ.സി.സി സൊസൈറ്റിക്ക് കൊടുത്ത ജോലികൾ ജില്ലതിരിച്ച് ജോലി ഏതെന്നും തുക എത്ര കോടി വീതമെന്നും വിശദമാക്കുമോ; | ബി) | കോഴിക്കോട് ജില്ലയിലെ നാദാപുരം കോളേജിന്റെ കെട്ടിടനിർമ്മാണത്തിനായി **4,70,34,368** രൂപ കെട്ടിടം വിഭാഗത്തിന്റെ കീഴിൽ ടെണ്ടർ ഇല്ലാതെ നൽകിയിട്ടുണ്ട്. നിരത്തുകളും പാലങ്ങളും, ദേശീയപാത വിഭാഗങ്ങളുടെ കീഴിൽ ടെണ്ടർ ഇല്ലാതെ നൽകിയിട്ടുള്ള വിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |
| സി) | ഈ സൊസൈറ്റിക്ക് കൊടുത്ത ഏതെങ്കിലും ജോലികൾക്ക് ഏതെങ്കിലും ഏജൻസികളുടെ അന്വേഷണം നേരിടുന്നുണ്ടോ; വിശദമാക്കാമോ; | സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) | യു.എൽ.സി.സി സൊസൈറ്റി-ക്ക് വേണ്ടി കരാറുകളിൽ ഒപ്പിടുന്നത് ആരാണ്? | ഡി) | യു.എൽ.സി.സി സൊസൈറ്റി-ക്ക് വേണ്ടി കരാറുകളിൽ ഒപ്പിടുന്നത് ടി സൊസൈറ്റിയുടെ പ്രസിഡന്റാണ്. |

സെക്ഷൻ ഓഫീസർ.

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**